1. 2020 ൽ പത്മശ്രീ ലഭിച്ച മൂഴിക്കൽ പങ്കജാക്ഷി ഏത് കലാരൂപത്തിലൂടെയാണ് പ്രശസ്തയായത് ?
   A) കൂടിയാട്ടം
   B) ചാക്യാർകൂത്ത്
   C) നോക്കുവിദ്യ പാവക്കളി
   D) കാക്കാരശി നാടകം

2. സ്വതന്ത്ര്യ ഇൻഡ്യയിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി ആരായിരുന്നു ?
   A) മൗലാന അബുൾ കലാം ആസാദ്
   B) ചന്ദ്രശേഖർ ആസാദ്
   C) ഡോ. ബി. ആർ. അംബേദ്കർ
   D) സി. രാജഗോപലാചാരി

3. ഇൻഡ്യാ ഗവൺമെന്റ് നടപ്പിലാക്കിയ പുതിയ നികുതിയായ ചരക്കുസേവന നികുതി (GST) നിലവിൽ വന്നതെന്ന് ?
   A) 2017 ജൂൺ 1
   B) 2017 ജൂലൈ 1
   C) 2017 ഓഗസ്റ്റ് 1
   D) 2017 സെപ്റ്റംബർ 1

4. തിഹാർ ജയിൽ എവിടെയാണ് ?
   A) മുംബൈ
   B) കൊൽക്കത്ത
   C) ന്യൂഡൽഹി
   D) ചെന്നൈ

5. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ കൊണ്ടുവന്ന നിയമം ഏത് പേരിലറിയപ്പെടുന്നു ?
   A) എസ്മ
   B) കാപ്പ
   C) യു. എ. പി. എ.
   D) പോക്സോ

6. 2019 ലെ പ്രളയത്തിൽ ഏറ്റവും നാശനഷ്ടമുണ്ടായ പുത്തുമല ഏത് ജില്ലയിലാണ് ?
   A) ഇടുക്കി
   B) വയനാട്
   C) കണ്ണൂർ
   D) പാലക്കാട്

7. പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും, വിവര സാങ്കേതിക വിദ്യാ പഠനവും വ്യാപിപ്പിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച കമ്പനിയുടെ പേരെന്ത് ?
   A) വിക്ടേഴ്സ്
   B) കൈറ്റ്
   C) സമ്പൂർണ്ണ
   D) സമഗ്ര

8. ഇൻഡ്യയുടെ ആദ്യ ഉപരാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മസ്ഥലം എവിടെയാണ് ?
   A) കൊല്ലൂർ
   B) വിശാഖപട്ടണം
   C) ബാംഗ്ലൂർ
   D) തിരുത്തണി

9. പുതിയ കേന്ദ്ര ഭരണ പ്രദേശമായ ലഡാക്ക് നിലവിൽ വന്നതെന്ന് ?
   A) 2019 ഒക്ടോബർ 31
   B) 2019 ഒക്ടോബർ 30
   C) 2019 ഒക്ടോബർ 29
   D) 2019 ഒക്ടോബർ 28

10. 2020 ലെ ICC വനിതാ ട്വന്റി ട്വന്റി വേൾഡ് കപ്പ് ജേതാക്കൾ ആരാണ് ?
   A) ഇൻഡ്യ
   B) ഇംഗ്ലണ്ട്
   C) ഓസ്ട്രേലിയ
   D) ഫ്രാൻസ്

Visit KPSCHub.in
More QPs & Answer Keys

11. താഴെക്കൊടുക്കുന്ന ഉപകരണങ്ങളിൽ ഏതിലാണ് വൈദ്യുത പ്രവാഹത്തിന്റെ താപഫലം പ്രയോജനപ്പെടുത്തിയിരിയ്ക്കുന്നത് ?
A) വൈദ്യുതമോട്ടോർ
B) ജനറേറ്റർ
C) LED ബൾബ്
D) സുരക്ഷ ഫ്യൂസ്

12. വൈദ്യുത ചാർജ്ജിന്റെ യൂണിറ്റ് എന്ത് ?
A) ആമ്പെയർ
B) കൂളോം
C) ഓം
D) വോൾട്ട്

13. ഒരു ഉപകരണത്തിന്റെ പവറും അതിന് നല്കുന്ന വോൾട്ടേജും തമ്മിലുള്ള അനുപാതമാണ്
A) വാട്ടേജ്
B) വോൾട്ടേജ്
C) ഗേജ്
D) ആമ്പയറേജ്

14. ഒരു സർക്കീട്ടിലെ നേരിയ കറന്റിന്റെ സാന്നിദ്ധ്യവും ദിശയും അറിയാൻ ഉപയോഗിയ്ക്കുന്ന ഉപകരണം ഏത് ?
A) ഗാൽവനോമീറ്റർ
B) വോൾട്ട് മീറ്റർ
C) വാട്ട് ഔവർ മീറ്റർ
D) അമ്മീറ്റർ

15. താഴെക്കൊടുക്കുന്നവയിൽ പ്രകാശിക സാന്ദ്രത ഏറ്റവും കൂടിയ മാധ്യമം ഏത് ?
A) ശൂന്യത
B) വജ്രം
C) ജലം
D) വായു

16. ജലത്തിലെ ക്രിട്ടിയ്ക്കൽ കോൺ എത്ര ?
A) 28°
B) 42°
C) 48.6°
D) 55°

17. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതിന് കാരണമായ പ്രകാശ പ്രതിഭാസം എന്ത് ?
A) അന്തരീക്ഷ അപവർത്തനം
B) പ്രതിപതനം
C) വിസരണം
D) പ്രകീർണ്ണനം

18. താഴെക്കൊടുക്കുന്നവയിൽ ഏറ്റവും ക്ഷമത കൂടിയ ഇന്ധനം ഏത് ?
A) CNG
B) LPG
C) ബയോഗ്യാസ്
D) ഹൈഡ്രജൻ

19. സോളാർ സെല്ലിൽ നടക്കുന്ന ഊർജ്ജമാറ്റത്തിന് കാരണമായ പ്രതിഭാസം ഏത് ?
A) റെക്ടിഫിക്കേഷൻ
B) ഫോട്ടോ വോൾട്ടയിക് പ്രഭാവം
C) ടിന്റൽ ഇഫക്ട്
D) ഡിറ്റക്ഷൻ

20. നമ്മുടെ രാജ്യത്ത് വിതരണത്തിനുപയോഗിയ്ക്കുന്ന AC വൈദ്യുതിയുടെ ആവൃത്തി എത്ര ?
A) 60 Hz
B) 50 Hz
C) 70 Hz
D) 90 Hz

SEAL

Visit KPSCHub.in
More QPs & Answer Keys

21. ഒരു ആറ്റത്തിന്റെ ഒരു സബ്ഷെല്ലിൽ ഉൾക്കൊള്ളാവുന്ന പരമാവധി ഇലക്ട്രോണുകളുടെ എണ്ണം എത്ര ?
A) 6 B) 10 C) 2 D) 14

22. താഴെക്കൊടുക്കുന്നവയിൽ സംക്രമണ മൂലകം ഏത് ?
A) ഹൈഡ്രജൻ B) മാംഗനീസ് C) ക്ലോറിൻ D) ആർഗൺ

23. ഒരു വാതകത്തിന്റെ വ്യാപ്തവും തന്മാത്രകളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കുന്ന നിയമം ഏത് ?
A) ബോയിൽ നിയമം B) ചാൾസ് നിയമം
C) അവോഗാഡ്രോ നിയമം D) പാസ്കൽ നിയമം

24. സ്വയം ഓക്സീകരണ-നിരോക്സീകരണ പ്രവർത്തനം വഴി വേർതിരിയുന്ന ലോഹം ഏത് ?
A) ഇരുമ്പ് B) കോപ്പർ
C) സിങ്ക് D) അലൂമിനിയം

25. 'ഒലിയം' എന്നത് ഏത് ആസിഡിന്റെ ഗാഢത കൂടിയ രൂപം ആണ് ?
A) സൾഫ്യൂറിക് ആസിഡ് B) നൈട്രിക് ആസിഡ്
C) അസറ്റിക് ആസിഡ് D) ഹൈഡ്രോക്ലോറിക് ആസിഡ്

26. 'കലാമിൻ' എന്നത് ഏത് ലോഹത്തിന്റെ അയിര് ആണ് ?
A) സോഡിയം B) ക്രോമിയം C) സിങ്ക് D) നിക്കൽ

27. താഴെക്കൊടുക്കുന്നവയിൽ ഏത് അയിര് ആണ് 'ലീച്ചിംഗ്' പ്രക്രിയ വഴി സാന്ദ്രണം നടത്തുന്നത് ?
A) അയേൺ പിറൈറ്റിസ് B) കോപ്പർ പിറൈറ്റിസ്
C) ഹേമറ്റൈറ്റ് D) ബോക്സൈറ്റ്

28. ആൽക്കീനുകളുടെ പൊതുവാക്യം എന്ത് ?
A) C_nH_{2n+4} B) C_nH_{2n} C) C_nH_{2n+2} D) C_nH_{2n-2}

29. 'ഗ്രെപ്പ് സ്പിരിറ്റ്' എന്നറിയപ്പെടുന്ന ആൽക്കഹോൾ ഏത് ?
A) മെതനോൾ B) ബ്യൂട്ടനോൾ
C) എതനോൾ D) പ്രൊപ്പനോൾ

30. സ്ഥിരകാന്തങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹസങ്കരം ഏത് ?
A) നിക്രോം B) സ്റ്റീൽ
C) ടങ്സ്റ്റൺ D) അൽനിക്കോ

Visit KPSCHub.in
More QPs & Answer Keys

31. മനുഷ്യനിൽ ആന്തര സമസ്ഥിതി പാലനത്തിന് സഹായിക്കുന്ന തലച്ചോറിന്റെ ഭാഗം ഏത് ?
A) സെറിബ്രം
B) സെറിബെല്ലം
C) തലാമസ്
D) ഹൈപ്പൊതലാമസ്

32. മനുഷ്യ നേത്രത്തിൽ റോഡ്, കോൺ എന്നീ കോശങ്ങൾ കാണപ്പെടുന്ന പാളി ഏത് ?
A) ദൃഢപടലം
B) റെറ്റിന
C) രക്തപടലം
D) കോർണിയ

33. ജീനിനെ മറ്റൊരു കോശത്തിലേക്ക് എത്തിക്കാനായി ഉപയോഗപ്പെടുത്തുന്ന ഡി. എൻ. എ-ആയ വാഹകർക്ക് ഉദാഹരണം താഴെ പറയുന്നവയിൽ ഏത് ?
A) ലിഗേസ്
B) പ്ലാസ്മിഡ്
C) റെസ്ട്രിക്ഷൻ എൻഡോ ന്യൂക്ലിയസ്
D) ഇൻസുലിൻ

34. 'പ്രപഞ്ചത്തിലെ ഇതര ഗോളങ്ങളിലെവിടെയോ ഉൽഭവിച്ച ജീവ കണികകൾ ആകസ്മികമായി ഭൂമിയിൽ എത്തിച്ചേർന്നതാകാം' – ഭൂമിയിലെ ജീവന്റെ ഉല്പത്തിയുമായി ബന്ധപ്പെട്ട മേൽ സിദ്ധാന്തത്തിന്റെ പേര് എന്ത് ?
A) രാസപരിണാമ സിദ്ധാന്തം
B) ഉൽപ്പരിവർത്തന സിദ്ധാന്തം
C) പാൻസ് പെർമിയ സിദ്ധാന്തം
D) യൂറേ-മില്ലർ സിദ്ധാന്തം

35. ആർഡിപിത്തക്കസ് റാമിഡസിന്റെ ആദ്യഫോസിൽ ലഭിച്ച വൻകര ഏത് ?
A) ആഫ്രിക്ക
B) ഏഷ്യ
C) യൂറോപ്പ്
D) വടക്കേ അമേരിക്ക

36. ഉൽപ്പരിവർത്തന സിദ്ധാന്തം ആവിഷ്കരിച്ചതാര് ?
A) ചാൾസ് ഡാർവിൻ
B) ഹ്യൂഗോ ഡിവ്രിസ്
C) ലാമാർക്ക്
D) ഗ്രഗർ മെൻഡൽ

37. ആതിഥേയ കോശങ്ങളിലെ ജനിതക സംവിധാനം പ്രയോജനപ്പെടുത്തുന്ന സൂക്ഷ്മ ജീവി ഏത് ?
A) ഫംഗസ്
B) ബാക്ടീരിയ
C) വൈറസ്
D) പ്രോട്ടോസോവ

38. കരളിൽ കൊഴുപ്പ് അടിഞ്ഞു കൂടുന്നത് മൂലമുണ്ടാകുന്ന രോഗമേത് ?
A) പക്ഷാഘാതം
B) പ്രമേഹം
C) ഫാറ്റിലിവർ
D) സ്ട്രോക്ക്

SEAL

Visit KPSCHub.in
More QPs & Answer Keys

39. താഴെ പറയുന്നവയിൽ നെല്ലിനെ ബാധിക്കുന്ന രോഗമേത് ?
A) ആന്ത്രാക്സ്
B) ബ്ലൈറ്റ് രോഗം
C) ദ്രുതവാട്ടം
D) കുറുനാമ്പ് രോഗം

40. ടി-ലിംഫോസൈറ്റുകൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗ്രന്ഥി ഏത് ?
A) തൈമസ് ഗ്രന്ഥി
B) പിറ്റ്യൂട്ടറി ഗ്രന്ഥി
C) തൈറോയിഡ് ഗ്രന്ഥി
D) അഡ്രിനൽ ഗ്രന്ഥി

41. "ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന്, ലോകം ഒന്ന്" എന്ന സന്ദേശം നൽകിയ സാമൂഹ്യ പരിഷ്കർത്താവ് ?
A) വൈകുണ്ഡസ്വാമികൾ
B) ശ്രീനാരായണഗുരു
C) വാഗ്ഭടാനന്ദൻ
D) ഡോ. പൽപ്പു

42. 'കേരളൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര് ?
A) മന്നത്ത് പദ്മനാഭൻ
B) കെ. കേളപ്പൻ
C) സഹോദരൻ അയ്യപ്പൻ
D) സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള

43. എന്റെ ജീവിത സ്മരണകൾ എന്നത് ആരുടെ ആത്മകഥാ ഗ്രന്ഥമാണ് ?
A) മന്നത്ത് പദ്മനാഭൻ
B) വി.ടി. ഭട്ടതിരിപ്പാട്
C) പണ്ഡിറ്റ് കറുപ്പൻ
D) പി. എൻ. പണിക്കർ

44. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം
A) പഴശ്ശി കലാപം
B) മലബാർ കലാപം
C) ആറ്റിങ്ങൽ കലാപം
D) കുറിച്യ കലാപം

45. ശുചീന്ദം കൈമുക്ക് എന്ന ദുഷ്ടാചാരം നിർത്തലാക്കിയ തിരുവിതാംകൂർ മഹാരാജാവ് ആര് ?
A) ശ്രീചിത്തിരത്തിരുനാൾ
B) സ്വാതിതിരുനാൾ
C) മാർത്താണ്ഡ വർമ്മ
D) ശ്രീമൂലം തിരുനാൾ

46. രാജാധികാരത്തെ എതിർത്ത ആദ്യത്തെ വിപ്ലവകാരി ആര് ?
A) വാഗ്ഭടാനന്ദൻ
B) ചട്ടമ്പി സ്വാമികൾ
C) വൈകുണ്ഡസ്വാമികൾ
D) സഹോദരൻ അയ്യപ്പൻ

Visit KPSCHub.in
More QPs & Answer Keys

47. കുഞ്ഞൻ പിള്ള എന്ന യഥാർത്ഥ നാമധേയമുള്ള കേരളത്തിലെ നവോത്ഥാന ചിന്തകരിൽ പ്രധാനിയായിരുന്ന വ്യക്തിയാര് ?

A) ചട്ടമ്പി സ്വാമികൾ
B) പട്ടം താണുപിള്ള
C) മന്നത്ത് പദ്മനാഭൻ
D) ശ്രീനാരായണഗുരു

48. കേരള നവോത്ഥാനത്തിന്റെ വഴിത്തിരിവായ് 'അരുവിപ്പുറം പ്രതിഷ്ഠ' നടത്തിയ സാമൂഹ്യ പരിഷ്കർത്താവ്

A) കുമാരഗുരുദേവൻ
B) ശ്രീനാരായണഗുരു
C) അയ്യങ്കാളി
D) ചട്ടമ്പിസ്വാമികൾ

49. ഈഴവരുടെ രാഷ്ട്രീയ നേതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന വ്യക്തിയാര് ?

A) ശ്രീനാരായണഗുരു
B) ഡോ. പൽപ്പു
C) ടി.കെ. മാധവൻ
D) വള്ളോൻ

50. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പ്രായോക്തൃാവ് ആര് ?

A) ടി.കെ. മാധവൻ
B) വി. ടി. ഭട്ടതിരിപ്പാട്
C) നീലകണ്ഠൻ നമ്പൂതിരി
D) കെ. കേളപ്പൻ

51. കേരളത്തിലെ വിവേകാനന്ദൻ എന്നറിയപ്പെടുന്നതാര് ?

A) ചട്ടമ്പിസ്വാമികൾ
B) വാഗ്ഭടാനന്ദൻ
C) ആഗമാനന്ദസ്വാമികൾ
D) ശങ്കുപിള്ള

52. ഈഴവരെയും പുലയരേയും ഒന്നിച്ചിരുത്തി 'മിശ്രഭോജനം' സംഘടിപ്പിച്ചതാര് ?

A) സഹോദരൻ അയ്യപ്പൻ
B) വേലായുധ പണിക്കർ
C) പട്ടം താണുപിള്ള
D) കുമാര ഗുരുദേവൻ

53. താഴ്ന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സഞ്ചാര സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് വില്ലുവണ്ടിയാത്ര നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ?

A) സഹോദരൻ അയ്യപ്പൻ
B) അയ്യങ്കാളി
C) ശ്രീനാരായണഗുരു
D) ടി.കെ. മാധവൻ

54. വ്യക്തി സത്യാഗ്രഹത്തിനായി ഗാന്ധിജി തെരഞ്ഞെടുത്ത ആദ്യത്തെ കേരളീയൻ ?

A) സർദാർ കെ. എം. പണിക്കർ
B) കെ. കേളപ്പൻ
C) നീലകണ്ഠൻ നമ്പൂതിരിപ്പാട്
D) എ. കെ. ഗോപാലൻ

SEAL
Visit KPSCHub.in
More QPs & Answer Keys

55. "കൊടുങ്കാറ്റിന്റെ മാറ്റൊലി" എന്നത് ആരുടെ രചനയാണ് ?

A) കെ. എം. പണിക്കർ
B) മന്നത്ത് പത്മനാഭൻ
C) എ. കെ. ഗോപാലൻ
D) കെ. കേളപ്പൻ

56. 1913-ൽ ചരിത്ര പ്രാധാന്യമുള്ള കായൽ സമ്മേളനത്തിന് നേതൃത്വം വഹിച്ച മഹദ് വ്യക്തിയാര് ?

A) വക്കം അബ്ദുൾഖാദർ മൗലവി
B) പണ്ഡിറ്റ് കറുപ്പൻ
C) സി. കേശവൻ
D) വി.ടി.ഭട്ടതിരിപ്പാട്

57. തിരുവിതാംകൂറിലെ ധീരദേശാഭിമാനിയായിരുന്ന വേലുത്തമ്പിദളവയുടെ ജനന സ്ഥലം ഏത് ?

A) തലക്കുളം
B) തളിക്കുളം
C) കൽപ്പാക്കം
D) കുണ്ടറ

58. പഴശ്ശിരാജയെ കേരളസിംഹം എന്നു വിശേഷിപ്പിച്ചതാര് ?

A) സർദാർ കെ. എം. പണിക്കർ
B) പട്ടം താണുപിള്ള
C) വേലുത്തമ്പി ദളവ
D) പാലിയത്തച്ചൻ

59. കുറിച്യ കലാപം നടന്ന വർഷം ?

A) 1805
B) 1812
C) 1869
D) 1814

60. ക്ഷേത്രപ്രവേശന വിളംബരം എഴുതി തയ്യാറാക്കിയത് ആര് ?

A) കുമാരനാശാൻ
B) കെ. കേളപ്പൻ
C) ഉള്ളൂർ എസ്. പരമേശ്വരയ്യർ
D) ടി. കെ. മാധവൻ

61. 1 + 2 + 3 + ____ + 100 = 5050 ആണ്. എങ്കിൽ 3 + 6 + 9 + ____ + 300 ന്റെ വില കണക്കാക്കുക.

A) 15450
B) 15150
C) 16350
D) 12450

62. 37 × 26 = 962 ആണ്. എങ്കിൽ 39, 26 എന്നീ സംഖ്യകളുടെ ഗുണനഫലം കണക്കാക്കുക.


A) 1014
B) 988
C) 1040
D) 1034

63. ത്രികോണം ABC യുടെ മൂന്ന് മൂലകളും വൃത്തത്തെ തൊടുന്നു. AB ഒരു വ്യാസമാണ്. താഴെ തന്നിരിക്കുന്നവയിൽ കോൺ C യുടെ അളവ് ഏത് ?

A) 50°
B) 120°
C) 90°
D) 360°

Visit KPSCHub.in
More QPs & Answer Keys

64. ചിത്രത്തിൽ ABCD എന്ന സമചതുരത്തിന്റെ നാലു മൂലകളിലൂടെയും വൃത്തം കടന്നു പോകുന്നു. AC = 10 സെന്റീമീറ്റർ ആണ്. ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ അത് സമചതുരത്തിലാകാനുള്ള സാധ്യത എത്ര ?




A) $\frac{\pi}{3}$ B) $\frac{3}{\pi}$ C) $\frac{\pi}{2}$ D) $\frac{2}{\pi}$

65. ഒരു എണ്ണൽ സംഖ്യയുടെയും അതിന്റെ മൂന്ന് മടങ്ങിനോട് 3 കൂട്ടിയതിന്റെയും ഗുണനഫലം 270 ആണ്. സംഖ്യകൾ ഏതെല്ലാം ?

A) 9, 30 B) 10, 33 C) 5, 17 D) 6, 21

66. ചിത്രത്തിൽ OAB ഒരു സമഭുജത്രികോണവും O ആധാരബിന്ദുവുമാണ്. OA = 6 സെന്റീമീറ്റർ ആണ്. B യുടെ സൂചക സംഖ്യകൾ ഏത് ?



A) $(3, 3\sqrt{2})$ B) $(2, 2\sqrt{2})$ C) $(3, 3\sqrt{3})$ D) $(6, 3\sqrt{3})$

SEAL

Visit KPSCHub.in
More QPs & Answer Keys

67. ഒരു അർധഗോളത്തിന്റെ ഉപരിതലപരപ്പളവ് 360 π ചതുരശ്രസെന്റീമീറ്റർ ആണ്. ഇതേ ആരമുള്ള ഒരു ഗോളത്തിന്റെ ഉപരിതലപ്പരപ്പളവ് എത്ര ചതുരശ്രസെന്റീമീറ്റർ ആണ് ?

A) 360 π
B) 450 π
C) 480 π
D) 495 π

68. A(3, 3), B(6, 2), C(9, 5) എന്നിവ ഒരു സാമാന്തരികത്തിന്റെ തുടർച്ചയായ മൂന്ന് മൂലകളുടെ സൂചകസംഖ്യകളാണ്. നാലാമത്തെ മൂലയുടെ സൂചകസംഖ്യകളെഴുതുക.

A) (6, 3)
B) (6, 6)
C) (6, 9)
D) (9, 3)

69. $P_{(x)} = 4x^2 - 7x + 2$ എന്ന ബഹുപദത്തിൽ $P_{(1)}$ ന്റെ വില എത്ര ?

A) 2
B) –2
C) 1
D) –1

70. ഒരു ക്ലാസിലെ കുട്ടികളെ ഉയരത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച പട്ടിക താഴെ കൊടുക്കുന്നു.

ഉയരം (സെന്റീ മീറ്ററിൽ)	കുട്ടികളുടെ എണ്ണം
135 – 137	8
137 – 139	11
139 – 141	15
141 – 143	7
143 – 145	5
145 – 147	3

സാങ്കൽപിക പ്രകാരം മധ്യമ ഉയരം എത്രാമത്തെ കുട്ടിയുടെ ഉയരമാണ് ?

A) 15
B) 26
C) 25
D) 49

Visit KPSCHub.in
More QPs & Answer Keys

71. Our bus went _____ the forest to the river bank.
A) in
B) across
C) through
D) down

72. Which is an imperative sentence ?
A) He is so cute !
B) The plant is green
C) Where is my rabbit ?
D) Read this book now.

73. I wish I _____ help you.
A) can
B) will
C) could
D) had

74. Heavy downpour during the previous week _____ the whole area.
A) had inundated
B) has inundated
C) had been inundated
D) is inundated

75. The idiom "rides the high horse" means
A) keep away from
B) feel proud
C) put blame on others
D) at the end

76. A person who has done something wrong or unlawful
A) philatelist
B) pedantic
C) native
D) miscreant

77. _____ in the afternoon is not healthy at all.
A) sleeps
B) sleeping
C) slept
D) none of the above

78. They will have to _____ if they want to catch the train.
A) run
B) ran
C) running
D) had run

79. The tiger was killed by Fernando _____ a gun.
A) by
B) of
C) with
D) to

80. If you _____ the work, you can go.
A) completed
B) had completed
C) completes
D) complete

SEAL

Visit KPSCHub.in
More QPs & Answer Keys

81. 'സ്കൂൾ പ്രായം' എന്ന് എറിക്സൺ വിളിച്ച കാലഘട്ടമാണ്
A) മുൻകൈയ്യെടുക്കൽ/കുറ്റബോധം
B) സ്വാശ്രയത്വം/ലജ്ജ
C) കർമോത്സുകത/അപകർഷത
D) വ്യക്തിത്വസ്ഥാപനം/വ്യക്തിത്വ പ്രതിസന്ധി

82. എബ്രഹാം മാസ്ലോയുടെ ആവശ്യങ്ങളുടെ ശ്രേണിയിൽ ശാരീരികാവശ്യങ്ങൾ എന്നതിന്റെ തൊട്ടു മുകളിൽ വരുന്ന ആവശ്യമാണ്
A) സൗന്ദര്യാത്മകം
B) ആദരിക്കപ്പെടുക
C) സ്നേഹിക്കപ്പെടുക
D) സുരക്ഷിതത്വം

83. ബുദ്ധിയുടെ 'g' ഘടകത്തിന്റെ സവിശേഷതകളിൽ പെടാത്തത് ഏത് ?
A) ജന്മസിദ്ധമാണ്
B) സ്ഥിരമാണ്
C) പരിസ്ഥിതിയിൽ നിന്ന് ആർജ്ജിക്കപ്പെടുന്നു
D) പെതുവായ മാനസിക ശക്തി വിശേഷമാണ്

84. ലൈംഗിക ചൂഷണം കൂടി വരുന്ന ഈ കാലഘട്ടത്തിൽ കൗമാരക്കാർക്ക് വളരെ അത്യാവശ്യമായി നൽകേണ്ട കൗൺസലിങ് ആണ്
A) സുകര കൗൺസലിങ്
B) പ്രതിരോധ കൗൺസലിങ്
C) പ്രതിസന്ധി നിവാരണ കൗൺസലിങ്
D) വികസന കൗൺസലിങ്

85. 'പഠിതാക്കൾക്ക് അഹംബോധവും അവർ മുമ്പ് പരിചയപ്പെട്ട ആത്മാദരം, ആത്മാഭിമാനം തുടങ്ങിയ ആശയങ്ങളുമായി താരതമ്യം ചെയ്യുന്നതിന് അവസരവും നൽകണം' എന്നത് ആരുടെ തത്വമാണ് ?
A) കാൾ റോജേഴ്സ്
B) വാട്സൺ
C) സിഗ്മണ്ട് ഫ്രോയ്ഡ്
D) തോൺഡൈക്ക്

86. 'പ്രതിക്രിയാധ്യാപനം' ആരുടെ ആശയമാണ് ?
A) കോൾബർഗ്
B) ബ്രൂണർ
C) ജീൻ പിയാഷെ
D) വൈഗോട്സ്കി

Visit KPSCHub.in
More QPs & Answer Keys

87. ചിത്രത്തിൽ, എട്ട് രേഖാഖണ്ഡങ്ങളെ നാല് സെറ്റ് രേഖാഖണ്ഡങ്ങളായി പ്രത്യക്ഷണം ചെയ്യുന്നു. ഈ പ്രതിഭാസത്തിന്റെ പേരാണ്



A) സാമീപ്യനിയമം
B) സാമ്യതാനിയമം
C) സംപൂർണ നിയമം
D) തുടർച്ചാ നിയമം

88. ഓർമയുടെ അടിസ്ഥാന ഘടകങ്ങളിൽ പെടുന്നത് ഏത് ?

A) ധാരണ
B) അനുസ്മരണം
C) തിരിച്ചറിവ്
D) മുകളിൽ പറഞ്ഞവയെല്ലാം

89. 13 വയസ്സുള്ള റോണിയുടെ മാനസിക വയസ്സ് '8' ആണ് എങ്കിൽ ബുദ്ധിമാനത്തിന്റെ അടിസ്ഥാനത്തിൽ റോണി ഏത് വിഭാഗത്തിൽ പെടും ?

A) ശരാശരി
B) മൂഢബുദ്ധി
C) മന്ദബുദ്ധി
D) ക്ഷീണബുദ്ധി

90. ക്രിയാ ഗവേഷണത്തിന്റെ ഉപജ്ഞാതാവ് ആര് ?

A) വില്യം വുണ്ട്
B) സ്റ്റീഫൻ എം കോറി
C) ലെറ്റ്നർ വിമർ
D) ജെ. എൽ. മൊറേനോ

91. മക്കളില്ലാത്ത ധനാഢ്യനായ തോമസ്, സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നു. ഇത് ഏത് തരം സമായോജന തന്ത്രമാണ് ?

A) അനുപൂരണം
B) താദാത്മീകരണം
C) ഉദാത്തീകരണം
D) ദമനം

92. ആശയ രൂപീകരണത്തിന്റെ പ്രക്രിയാ ഘട്ടങ്ങൾ താഴെ പറയുന്നവയിൽ ഏതാണ് ?

A) സംവേദനം → വർഗീകരണം → പ്രത്യക്ഷണം → സാമാന്യവത്കരണം
B) സംവേദനം → പ്രത്യക്ഷണം → വർഗീകരണം → സാമാന്യവത്കരണം
C) പ്രത്യക്ഷണം → വർഗീകരണം → സംവേദനം → സാമാന്യവത്കരണം
D) വർഗീകരണം → സംവേദനം → പ്രത്യക്ഷണം → സാമാന്യവത്കരണം

93. താഴെ കൊടുത്തിരിക്കുന്നവരിൽ കൂട്ടത്തിൽ പെടാത്തത് ആര് ?

A) മാക്സ് വെർതീമർ
B) ജോൺ മേയർ
C) ഡാനിയൽ ഗോൾമാൻ
D) പീറ്റർ സലോവ

Visit KPSCHub.in
More QPs & Answer Keys

94. മനുഷ്യ മനസ്സിലെ 'പോലീസ് ഫോഴ്സ്' എന്ന് അറിയപ്പെടുന്നത്

A) ഇദ്
B) അഹം
C) അത്യഹം
D) മുകളിൽ പറഞ്ഞതെല്ലാം

95. ഒരു ക്ലാസിൽ സോഷ്യോഗ്രാം തയ്യാറാക്കിയപ്പോൾ ലീന എന്ന കുട്ടി അനുവിനെയും; അനു എന്ന കുട്ടി കരിഷ്മയെയും; കരിഷ്മ, ലീനയെയും കൂട്ടുകാരായി നിർദ്ദേശിച്ചതായി കണ്ടു. ഇത്തരം കൂട്ടങ്ങളുടെ പേരാണ്

A) ക്ലിക്കുകൾ
B) ഗ്യാങ്ങുകൾ
C) ദ്വന്ദ്വങ്ങൾ
D) താരങ്ങൾ

96. ജയകൃഷ്ണൻ ഒരു നാവികനാണ്. കുമാർ ഒരു ആർക്കിടെക്റ്ററാണ്. ഇവരിൽ കാണപ്പെടുന്നത് ഏത് തരം ബഹുമുഖ ബുദ്ധിയാണ് ?

A) ആന്തരിക വൈയക്തിക ബുദ്ധി
B) പ്രകൃതിപരമായ ബുദ്ധി
C) ദൃശ്യസ്ഥലപരമായ ബുദ്ധി
D) ശാരീരിക ചലനപരമായ ബുദ്ധി

97. ജീൻ പിയാഷെയുടെ അഭിപ്രായത്തിൽ 'ഞാൻ കരഞ്ഞാൽ അമ്മ വരും, വസ്തുക്കൾ താഴെയിട്ടാൽ ഒച്ചയുണ്ടാവും' എന്നിങ്ങനെ കാര്യകാരണ ബന്ധങ്ങളെക്കുറിച്ച് ആദ്യധാരണ ഉടലെടുക്കുന്ന വൈജ്ഞാനിക വികാസ ഘട്ടമാണ്

A) മൂർത്തമനോ വ്യാപാരഘട്ടം
B) ഔപചാരികമനോ വ്യാപാരഘട്ടം
C) പ്രാഗ്മനോ വ്യാപാരഘട്ടം
D) സംവേദക ചാലക ഘട്ടം

98. പഠിതാവ് തന്റെ പഠനത്തെ വിമർശനാത്മകമായി സ്വയം വിലയിരുത്തുന്ന രീതിയാണ്

A) പഠനത്തെ വിലയിരുത്തൽ
B) പഠനത്തിനായുള്ള വിലയിരുത്തൽ
C) പഠനം തന്നെ വിലയിരുത്തൽ
D) പഠനത്തെ ആന്തരികമായി വിലയിരുത്തൽ

99. അതീത ചിന്ത (Meta Cognition) എന്ന ആശയം മുന്നോട്ട് വച്ചത് ആര് ?

A) ഫ്ളേവൽ
B) കാൾ റോജേഴ്സ്
C) ആർബി കാറ്റൽ
D) വില്യം റീച്ച്

100. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ ജോഡി തെരഞ്ഞെടുക്കുക.

A) ഘട്ടസിദ്ധാന്തം – ജീൻപിയാഷെ
B) ബോധനോദ്ദേശ്യ വർഗീകരണം – ബെഞ്ചമിൻ ബ്ലൂം
C) സഹവർത്തിത പഠനം – വൈഗോട്സ്കി
D) വ്യക്തികേന്ദ്രീകൃത സിദ്ധാന്തം – ആൽപ്പോർട്ട്

Visit KPSCHub.in
More QPs & Answer Keys